(സി) 49.55 കോടി രൂപ.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സെയിൽസ് ടാക്സ് ഇനത്തിൽ 1985–86 വർഷത്തിൽ പിരിഞ്ഞു കിട്ടിയ തുക

563 [600] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് ഇനത്തിൽ 1985–86 വർഷത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്ര;

(ബി) ഈ ഇനത്തിൽ അഞ്ചു ലക്ഷത്തിലേറെ കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും പേരു വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 453.59 കോടി രൂപ (ഇതു താൽക്കാലിക കണക്കാണ്).

(ബി) വിവരം ശേഖരിച്ചുവരുന്നു.

വിൽപന നികുതി കുടിശ്ശിക

564 [601] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15–6–1986–ൽ വിൽപന നികുതി കുടിശ്ശികയിനത്തിൽ എത്ര സംഖ്യ കിട്ടാനുണ്ട്;

(ബി) വിൽപ്പന നികുതിയിനത്തിലുള്ള വരവ് സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ എത്ര ശതമാനമാണ്?

ഉത്തരം

(എ) 31–3–1986–ലെ കണക്കനുസരിച്ച് വിൽപ്പന നികുതി ഇനത്തിൽ 139.85 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. അതിനുശേഷമുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) വിൽപ്പന നികുതിയിനത്തിലുള്ള വരുമാനം സംസ്ഥാനത്തിന്റെ തനതായ നികുതി തീരുവ വരുമാനത്തിന്റെ 62.3 ശതമാനമാണ്.

കൊച്ചിയിൽ നിർമ്മിക്കുന്ന കപ്പലുകളുടെ വിൽപ്പന നികുതി

565 [602] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നിർമ്മിക്കുന്ന കപ്പലുകൾക്ക് ഏതു നിരക്കിലായിരുന്നു വിൽപ്പന നികുതി ഈടാക്കിയിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നികുതി എന്നു മുതൽക്കാണ് ഈടാക്കുന്നത്;

(സി) ഇത് എത്ര ശതമാനമാക്കിക്കുറച്ചു;

(ഡി) നികുതി കുറയ്ക്കാനുണ്ടായ കാരണമെന്താണ്;

(ഇ) ഈ ഇനത്തിൽ സംസ്ഥാനത്തിന് എത്ര സംഖ്യ നഷ്ടം വരും?

ഉത്തരം

(എ) 8% വിൽപ്പന നികുതി നിരക്കിലായിരുന്നു.

(ബി) 1-4-1979 മുതൽ ഈ ഉത്തരവിനു പ്രാബല്യമുണ്ട്.

(സി) 4-4-1986-ലെ ജി. ഒ. (എം. എസ്.) 49/86/റവ. ഡി. പ്രകാരം ഇത് വീണ്ടും 5 ശതമാനമാക്കിക്കുറച്ചു.

(ഡി) കൊച്ചിയിൽ നിർമ്മിക്കുന്ന കപ്പലുകൾ ലാഭകരമായി വിറ്റഴിക്കാൻ കഴിയാത്ത സാഹചര്യം മുതലായി ഈ വ്യവസായം നേരിടുന്ന പ്രതിസന്ധിമൂലം വിൽപ്പന നികുതി നൽകിക്കൊണ്ടും ഈ വ്യവസായം മുന്നോട്ടു കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടെന്ന് കപ്പൽശാലാ അധികൃതരും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് പരിഗണിച്ചുകൊണ്ടാണ് നികുതി നിരക്ക് കുറച്ചത്.

(ഇ) നികുതി 5 ശതമാനം നിരക്കിൽ കണക്കാക്കുമ്പോൾ ഏകദേശം 2.28 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുത്ത തുക

566 [603] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിൽപ്പന നികുതിയിനത്തിൽ മൊത്തം എത്ര സംഖ്യ പിരിച്ചെടുത്തിട്ടുണ്ട്;

(ബി) ഓരോ വർഷത്തിനും ഈ ഇനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക ബഡ്ജറ്റ് വിഭാവനം ചെയ്തതിനേക്കാൾ കൂടുതലായിരുന്നോ കുറവായിരുന്നോ?

ഉത്തരം

(എ) 1982-83 മുതൽ 1985-86 വരെയുള്ള 4 വർഷം മൊത്തം 1410.65 കോടി രൂപ വിൽപ്പന നികുതി ഇനത്തിൽ കിട്ടിയിട്ടുണ്ട്.

(ബി)

1982-83	..	275.20 കോടി രൂപ
1983-84	..	306.60 ,,
1984-85	..	375.26 ,,
1985-86	..	453.59 ,,

(സി) 1982-83-ൽ കുറവായിരുന്നു. മറ്റു മൂന്നു വർഷവും കൂടുതലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly